"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2026 - വിവിധ വകുപ്പുകൾ അടിയന്തരമായി പൂർത്തിയാക്കേണ്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

സ.ഉ.(സാധാ) നം.507/2026/LSGD തീയതി, തിരുവനന്തപുരം, 27-02-2026

പരാമർശം:- 1. സ.ഉ.(സാധാ) നം.407/2026/തസ്വഭവ തീയതി 17/02/2026

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 15/02/2026, 20/02/2026 തീയതികളിലെ DCTVM/18783/2025-S9 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ കളക്ടർ നൽകുന്ന ശിപാർശ പ്രകാരം ഭരണാനുമതി നൽകി വരുന്നു. 2026-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് 3,72,16,122/-രൂപയുടെ (മൂന്ന് കോടി എഴുപത്തിരണ്ട് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി ഇരുപത്തിരണ്ട് രൂപ മാത്രം) തുകയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി.

2) 2026-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നിർവ്വഹിക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി മേജർ ഇറിഗേഷൻ വകുപ്പ് നിർവ്വഹിക്കേണ്ട പ്രവർത്തികൾക്ക് 11,00,000/- രൂപയുടെയും (പതിനൊന്ന് ലക്ഷം രൂപ മാത്രം), ഡി.ഐ.ജി & കമ്മീഷണർ ഓഫ് പോലീസ് തിരുവനന്തപുരം സിറ്റി വകുപ്പ് നിർവ്വഹിക്കേണ്ട പ്രവർത്തികൾക്ക് 9,25,289/- (ഒമ്പത് ലക്ഷത്തി ഇരുപത്തയ്യായിരത്തി ഇരുനൂറ്റി എൺപത്തി ഒമ്പത് രൂപ മാത്രം) രൂപയുടെയും എസ്റ്റിമേറ്റ് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സമർപ്പിക്കുകയും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകൾ അടിയന്തിരമായി പൂർത്തിയാക്കേണ്ട നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള നിർവ്വഹണ ഏജൻസികൾക്ക് ആകെ 19,62,500/- രൂപയുടെ (പത്തൊമ്പത് ലക്ഷത്തി അറുപത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം" എന്ന ശീർഷകത്തിൽ നിന്നും

വഹിക്കേണ്ടതും, ചെലവുകൾ സംബന്ധിച്ച രേഖകൾ സഹിതം, തുക അനുവദിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കേണ്ടതുമാണ്.

| ക്രമ നം. | വകുപ്പ് | എസ്റ്റിമേറ്റ് തുക (₹) |
|---|---|---|
| 1. | വൻകിട ജലസേചന വകുപ്പ് (Major Irrigation) | 11,00,000/- |
| 2. | തിരുവനന്തപുരം സിറ്റി പോലീസ് | 8,62,500/- |
| | ആകെ | 19,62,500/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ
എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ വകുപ്പ്
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി.എസ്.എസ്.എ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
ധനകാര്യ (26.02.2026-ലെ DEV-3/39/2026-FIN പ്രകാരം)
റവന്യൂ (ദേവസ്വം) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഐ.എ.2/13/2026-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 27-02-2026 16:34:48
സെക്ഷൻ ഓഫീസർ